## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.860 20.03.2013-ൽ മറുപടിക്ക്**

**ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടിമ്പുര കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടിമ്പുര കുടിവെള്ള പദ്ധതി പ്രവർത്തനമാരംഭിച്ചതെന്നാണെന്നറിയിക്കുമോ; | (എ) | ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടിമ്പുര കുടിവെള്ള പദ്ധതി രണ്ട് പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഇതിൽ 4 MLD ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിച്ചത് 30.06.2010 ലും വിതരണ ശൃംഖലയുടേത് 4/2009 ലും ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | 4 MLD ശുദ്ധീകരണശാലയുടെയും 10.42 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭസംഭരണിയുടേയും പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിതരണ ശൃംഖലയുടെ പണി, പൈപ്പിലെ ഗ്യാപ്പ് കണക്ഷൻ, റോഡ് കട്ടിംഗ്, റെയിൽ വേ ക്രോസിംഗ്, ലൈൻ എക്സ്റ്റൻഷൻ മുതലായവ പൂർത്തിയാക്കാനുണ്ട്. ഇതിൽ ഗ്യാപ് കണക്ഷന്റെ പണി കഴിയാറായിട്ടുണ്ട്. റെയിൽ വേ അതോറിറ്റിയുടെ ഭാഗത്ത് നിന്നും ക്രോസ്സിംഗിന് അനുമതി ലഭിക്കാത്തതിനാൽ ടി പണികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. റോഡ് |

| | | | |
|---|---|---|---|
| | | | കട്ടിംഗിന് ആവശ്യമായ തുക ഡിപ്പാർട്ട് മെന്റിലേക്ക് അടച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് പ്രസ്തുത പണി പൂർത്തീ-കരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതു വരെ ചെലവഴിച്ച തുക യുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയിലെ ജല ശുദ്ധീകരണ ശാലയ്ക്കുവേണ്ടി 82.82 ലക്ഷം രൂപയും വിതരണ ശൃംഖലക്കു വേണ്ടി 299 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയു-മെന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി 31/12/2013 ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ